**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡിന്റെ രണ്ടാം തരംഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം തരംഗത്തിൽ മരണസംഖ്യ ക്രമാതീതമായി ഉയരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; രണ്ടാം തരംഗത്തിൽ മരണ സംഖ്യ വർദ്ധിക്കുവാൻ ഉണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയാണ്; | (എ) | കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ നിരക്ക് പ്രായാധിക്യം ഉള്ളവരിലും, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലും ആണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം 13,89,695 കോവിഡ് രോഗബാധിതരും, 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെ ഉള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ്സു മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായം ഉള്ളവരിലാണ് (കേസ്= 17105, മരണം= 502, മരണ നിരക്ക് =2.93%) 71 മുതൽ 80 വയസ്സുവരെ ഉള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു. (കേസ് 50959, മരണം 988, മരണ നിരക്ക് - 1.94 %). കൂടാതെ 91 വയസ്സു മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും, 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് - 1.55%). കോവിഡ് രോഗബാധ മൂലമാണ് മരണം എന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റു രോഗങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്നു മരണനിരക്ക് എങ്കിൽ, നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് |

| | | | |
|---|---|---|---|
| | | | തുടർച്ചയായി നിരീക്ഷിച്ച വരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽ നിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. |
| (ബി) | സംസ്ഥാനത്ത് കോവിഡ് മരണസംഖ്യ കുറച്ച് കാട്ടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | WHO യുടെ അംഗീകാരമുള്ള International Guidelines for certification And Classification (Coding) of Covid 19 As Cause of Death' എന്ന ഇന്റർനാഷണൽ ഗൈഡ് ലൈൻ അനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. കൃത്യമായ ഡെത്ത് ബുള്ളറ്റിന്റെ അടിസ്ഥാനത്തിലും, ജില്ലാതലത്തിലുമുള്ള ഓഡിറ്റ് കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് മരണം റിപ്പോർട്ട് ചെയ്യുന്നത്. സംസ്ഥാനത്ത് കോവിഡ് മരണസംഖ്യ വളരെ കൃത്യമായിട്ടാണ് രേഖപ്പെടുത്തുന്നത്. |
| (സി) | സംസ്ഥാനം സുരക്ഷിതമാണെന്നും, ഈ രോഗത്തെ ഭയപ്പെടേണ്ടതില്ലയെന്നുമുള്ള തെറ്റായ ഒരു ധാരണ ജനങ്ങളിൽ സൃഷ്ടിക്കുവാൻ മരണനിരക്ക് കുറച്ച് കാണിച്ചത് ഇടയാക്കിയിട്ടുണ്ടെന്ന ആരോപണം വസ്തുതയാണോ; | (സി) | WHO യുടെ അംഗീകാരമുള്ള International Guidelines for certification And Classification (Coding) of Covid 19 As Cause of Death' എന്ന ഇന്റർനാഷണൽ ഗൈഡ് ലൈൻ അനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. കൃത്യമായ ഡെത്ത് ബുള്ളറ്റിന്റെ അടിസ്ഥാനത്തിലും, ജില്ലാതലത്തിലുമുള്ള ഓഡിറ്റ് കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് മരണം റിപ്പോർട്ട് ചെയ്യുന്നത്. സംസ്ഥാനത്ത് കോവിഡ് മരണസംഖ്യ വളരെ കൃത്യമായിട്ടാണ് രേഖപ്പെടുത്തുന്നത്. |
| (ഡി) | കോവിഡ് പ്രോട്ടോക്കോൾ ലഘൂകരിച്ച് വ്യാജനേട്ടം ഉണ്ടാക്കുവാൻ നടത്തുന്ന ശ്രമം കൂടുതൽ ദോഷകരമായി മാറിയതായുള്ള ആക്ഷേപത്തിന്റെ സാഹചര്യത്തിൽ യഥാർത്ഥ മരണസംഖ്യ വെളിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | WHO യുടെ അംഗീകാരമുള്ള International Guidelines for certification And Classification (Coding) of Covid 19 As Cause of Death' എന്ന ഇന്റർനാഷണൽ ഗൈഡ് ലൈൻ അനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. കൃത്യമായ ഡെത്ത് ബുള്ളറ്റിന്റെ അടിസ്ഥാനത്തിലും, ജില്ലാതലത്തിലുമുള്ള ഓഡിറ്റ് കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് മരണം റിപ്പോർട്ട് ചെയ്യുന്നത്. സംസ്ഥാനത്ത് കോവിഡ് മരണസംഖ്യ വളരെ കൃത്യമായിട്ടാണ് രേഖപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ